പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>നിയമസഭാ ചോദ്യം നം. 3213 | 16/12/2015 -ൽ<br>മറുപടിയ്ക്ക് |

## മലയോര വികസന ഏജൻസിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ.എ.അസീസ് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് മലയോര വികസന ഏജൻസി രൂപീകരിച്ചത് എന്നാണ്; | (എ) മലയോര വികസന ഏജൻസി രൂപീകരിച്ചത് 2012 മേയ് 28-ന് ആകുന്നു. |
| (ബി) | മലയോര വികസന ഏജൻസിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | (ബി) 2012-13 സാമ്പത്തിക വർഷത്തിൽ പരിസ്ഥിതി സൗഹൃദ ചെറുകിട കുടിവെള്ള പദ്ധതികൾ, ചെറു അരുവികളിൽ ചെക്കുഡാം നിർമ്മാണം, പഴം, പച്ചക്കറി വികസന പദ്ധതി എന്നിവയിൽ തുടങ്ങി കനാൽ പുനരുദ്ധാരണ പ്രവൃത്തികൾ, സ്വയംസഹായ സംഘങ്ങൾക്ക് തൊഴിൽദാന പരിപാടി, കുളങ്ങൾ നവീകരിക്കൽ, കൃഷി വികസനം, ക്ഷീരവികസന പ്രവർത്തനങ്ങളിൽ അധിഷ്ഠിതമായ ഉപജീവന ആസ്തികൾ സൃഷ്ടിക്കുന്ന സ്വയം തൊഴിൽ പരിപാടികൾ, പരിസ്ഥിതി |

സംരക്ഷണത്തിലൂടെയുള്ള പ്രകൃതിവിഭവങ്ങളുടെ പരിപാലനം എന്നീ പദ്ധതികൾ നടത്തിവരുന്നു.

| | | | |
|---|---|---|---|
| (സി) | റോഡുകളുടെ വികസനത്തിൽ പ്രസ്തുത ഏജൻസി വഹിക്കുന്ന പങ്ക് എന്താണെന്ന് വ്യക്തമാക്കുമോ? | (സി) | പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ സാധാരണ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനും വാണിജ്യപരമായ വികസനത്തിനും വേണ്ടി സംസ്ഥാന വിഹിതം ഫണ്ടിൽ ഒരു റോഡിന് 15.00 ലക്ഷം രൂപ പരമാവധി തുകയും നബാർഡ് അധിഷ്ടിത ആർ ഐ ഡി എഫ് റോഡു പ്രവർത്തിയിൽ ഉൾപ്പെടുത്തി പുതിയ റോഡുകളുടെ നിർമ്മാണം, റോഡുകളുടെ അപ്ഗ്രഡേഷൻ, ടാറിംഗ്, കോൺക്രീറ്റിംഗ് എന്നിവ മലയോര വികസന ഏജൻസി വഴി നടപ്പിലാക്കി വരുന്നു. |

Bijumon

സെക്ഷൻ ഓഫീസർ